Volume: 04, Issue: 03

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

മാർച്ച് 12 ചൊവ്വ 2024

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## ഇനിയില്ല 'അയ്യൻകുന്ന് മാംഗോസ്'

**ജോമോൾ ജോർജ്ജ്**

നാളുകളായി പ്രവർത്തനം നിലച്ചിരുന്ന അയ്യൻകുന്ന് മാംഗോസിന്റെ പ്രവർത്തനം പൂർണമായും നിർത്തുന്നു. വിഷരഹിതമായി ജൈവരീതിയിൽ മാങ്ങ പഴുപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തും അയ്യൻകുന്ന് കൃഷിഭവനും ആത്മയും (അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) സംയുക്തമായി ആരംഭിച്ച മാങ്ങ പഴുപ്പിക്കുന്ന ഇരിട്ടി ബ്ലോക്ക് തല കേന്ദ്രത്തിന്റെ പ്രവർത്തനമാണ് പൂർണമായും നിർത്തുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കുറ്റിയാട്ടൂർ മാംഗോസ് കമ്പനിക്ക് നൽകും.

പൊതുസമൂഹത്തിന്റെ നൻമയും ആരോഗ്യവും ലക്ഷ്യം വച്ചു 2016-2017 കാലയളവിൽ ഏകദേശം പത്തു ലക്ഷം രൂപ മുതൽമുടക്കിൽ ചരൾ പറണശ്ശേരി കവലയിൽ ചരൾ സ്വദേശി ജോസഫ് പുളിച്ചുമാക്കലിന്റെ കെട്ടിടത്തിൽ ആരംഭിച്ച പദ്ധതി നാലരവർഷത്തോളമായി നിർജ്ജീവാവസ്ഥയിലായിരുന്നത് നവംബർ മാസത്തിലെ അങ്ങാടിപത്രത്തിൽ പഴുക്കാതെ അയ്യൻകുന്ന് മാംഗോസ് എന്ന തലക്കെട്ടോടെ ചൂണ്ടിക്കാണിച്ചിരുന്നു. ഇതേത്തുടർന്ന് ഫെബ്രുവരിയിൽ കണ്ണൂർ ജില്ലാ ആത്മ ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേന്ദ്രൻ സ്ഥലം സന്ദർശിക്കുകയും ശേഷം കണ്ണൂർ ജില്ലാ സബ് കളക്ടർ നവീൻ ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവർത്തന രഹിതമായ ഉപകരണങ്ങൾ നന്നാക്കിയശേഷം കുറ്റിയാട്ടൂർ മാംഗോസ് കമ്പനിക്ക് നൽകുവാൻ തീരുമാനിച്ചു.

മുൻ കേരള സംസ്ഥാന കാർഷിക മന്ത്രി ആയിരുന്ന വി. എസ് സുനിൽകുമാറിന്റെ ഭരണകാലയളവിൻ ഉദ്ഘാടനം ചെയ്ത പദ്ധതി പ്രാരംഭ ദശയിൽ മാങ്ങാകർഷകർക്ക് വലിയ കൈതാങ്ങ് ആയിരുന്നു. സമൂഹത്തിന്റെ നന്മക്ക് ഉപകരിക്കുന്ന പദ്ധതിയായതിനാൽ ചരൾ സ്വദേശി ജോസഫ് പുളിച്ചുമാക്കൽ സൗജന്യമായി നൽകിയ വീട്ടിലാണ് ഇതിനാവശ്യമായ ചേംബർ സ്ഥാപിച്ചിരുന്നത്. വൈദ്യുതിയുടെ ലഭ്യതക്കുറവും ചെലവേറിയ ജനറേറ്റർ ഉപയോഗവും വൻബാധ്യതയായി മാറിയതിനാൽ ക്രമേണ ഈ പദ്ധതി ഉപേക്ഷിക്കപ്പെട്ടിരുന്നു.


പഴുക്കാതെ 'അയ്യൻകുന്ന് മാംഗോസ്'

10 ലക്ഷം രൂപ മുതൽ മുടക്കിയ പദ്ധതി അവഗണിക്കപ്പെട്ട നിലയിൽ

ഉപേക്ഷിച്ച നെയിംബോർഡ് | ബാധ്യതയായി 'മാംഗോ ചേംബർ' | കാടുകയറിയ ജനറേറ്റർ



വിഷരഹിതമായി ജൈവരീതിയിൽ മാങ്ങ പഴുപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇരിട്ടി ബ്ലോക്ക് പഞ്ചായ ... അയ്യൻകുന്ന് കൃഷിഭവനും ...എ (അഗ്രിക്കൾച്ചറൽ ടെ... മാനേജ്മെന്റ് ഏജൻസി) ...ട കീഴിൽ സംയുക്തമായി ...ങ്ങ പഴുപ്പിക്കുന്ന ഇരിട്ടി ... കേന്ദ്രം ഫലം കാണാ...ലയിൽ.

ആയിരുന്നു. സമൂഹത്തിന്റെ നന്മക്ക് ഏറെ ഉപകരിക്കുന്ന പദ്ധതിയായതിനാൽ ചരൾ സ്വദേശി ജോസഫ് പുളിച്ചുമാക്കൽ സൗജന്യമായി നൽകിയ വീട്ടിലാണ് ഇതിനാവശ്യമായ വലിയ ചേംബർ സ്ഥാപിച്ചിരിക്കുന്നത്.

കഴുകി വൃത്തിയാക്കിയ മാങ്ങ, ബോക്സുകളിലാക്കി നിശ്ചിത അളവിൽ എഥിലീൻ വാതകം കടത്തിവിട്ടാണ് മാങ്ങ പഴുപ്പിക്കുന്നത്. നാൽപത്തിയാറ് മണിക്കൂറുകൾ കൊണ്ട് എട്ട് കിന്റലോളം മാങ്ങ പഴുപ്പിക്കാൻ കഴിയുന്ന ഈ സംരംഭം ആകെ രണ്ട് തവണ മാത്രമാണ് പ്രവർത്തിപ്പിക്കപ്പെട്ടിട്ടുള്ളത്. പദ്ധതിയുടെ ...പ്രവർത്തനത്തിനാ... കമ്മിറ്റി രൂപീകരി...

വേണ്ട വോൾട്ടേജ് ലഭിക്കാതെ വന്നപ്പോൾ ജനറേറ്റർ ഉപയോഗിച്ച് മെഷീനുകൾ പ്രവർത്തിപ്പിച്ചു തുടങ്ങി. എന്നാൽ ചെലവേറിയ ജനറേറ്റർ ഉപയോഗം വൻ ബാധ്യതയായി മാറിയതിനാൽ ജൈവരീതിയിൽ മാങ്ങ പഴുപ്പിക്കുന്ന പദ്ധതി ക്രമേണ ഉപേക്ഷിച്ചു തുടങ്ങി. നൂതന-സാങ്കേ...

'ഗവൺമെന്റ് ഫണ്ട് ചെയ്ത പദ്ധതിയായതിനാൽ ഉപകരണങ്ങൾ നശിപ്പിച്ചുകളയാതെ ആളുകൾക്ക് ഉപയോഗപ്രദമാക്കുവാൻ വേണ്ടിയാണ് കുറ്റിയാട്ടൂർ മാംഗോ കമ്പനി യിലേക്ക് ഇത് മാറ്റിസ്ഥാപിക്കുന്നത്.' കണ്ണൂർ ജില്ലാ ആത്മ ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേന്ദ്രൻ പറഞ്ഞു.

'വാർത്തയെതുടർന്ന് കണ്ണൂർ ആത്മ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ഫെബ്രുവരിയിൽ ഇരിട്ടിയിൽ ചേർന്ന മീറ്റിംഗിൽ പങ്കെടുത്ത് ജില്ലാതല അനുവാദത്തിനായി അപേക്ഷസമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അനുവാദം ലഭിച്ചാലുടൻ പദ്ധതിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തിരുന്നു. ഇടിഞ്ഞുവീഴാറായ വീടിന്റെ അറ്റകുറ്റപണികൾ നടത്താൻ കഴിയാതെ വിഷമിക്കുന്ന സാഹചര്യത്തിൽ ജില്ലാതല ആത്മ അനുയോജ്യമായ തീരുമാനം എടുത്തതിൽ ആശ്വാസമുണ്ട്. എത്രയും വേഗം മെഷീനുകളും മറ്റ് സംവിധാനങ്ങളും വീട്ടിൽനിന്ന് ഒഴിവാക്കി നൽകും എന്ന് പ്രതീക്ഷിക്കുന്നു.' ജോസഫ് പുളിച്ചുമാക്കൽ പറഞ്ഞു.

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

**പ്രിൻസ് ജോസഫ്**

കരിക്കോട്ടക്കരി: തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (ടി എസ് എസ് എസ്) കരിക്കോട്ടക്കരി യൂണിറ്റും അഞ്ചരക്കണ്ടി മെഡിക്കൽ കോളേജും സംയുക്തമായി കരിക്കോട്ടക്കരി ഹൈസ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

അസ്ഥിരോഗം, ജനറൽ മെഡിസിൻ, ഇ എൻ റ്റി, നേത്രരോഗം, ഗൈനെക്കോളജി, ഡെന്റൽ, ഫിസിയോതെറാപ്പി എന്നിങ്ങനെ 7 വിഭാഗങ്ങളിലെ ഡോക്ടർമാർ പരിശോധനകൾ നടത്തി.

തുടർചികിത്സ ആവശ്യമുള്ള പാവപ്പെട്ടവർക്ക് അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ സൗജന്യമായി ചികിത്സ നടത്താൻ സാധിക്കും. ഇരുന്നൂറ്റി അമ്പതോളം ആളുകൾ പങ്കെടുത്ത ക്യാമ്പ് ഒത്തിരി ഉപകാരപ്രദമായിരുന്നു തുടർന്നും ക്യാമ്പുകൾ സംഘടിപ്പിക്കും'. ടി എസ് എസ് എസ് കരിക്കോട്ടക്കരി യൂണിറ്റ് സെക്രട്ടറി എബ്രഹാം അറക്കൽ പറഞ്ഞു.

ടി എസ് എസിന്റെ നേതൃത്വത്തിൽ അടുത്തിടെ അർബുദ നിർണയ ക്യാമ്പ് കരിക്കോട്ടകരിയിൽ നടത്തിയിരുന്നു.

## 'മുന്നേറ്റം' ഏകദിന ശില്പശാല നടത്തി




*മുന്നേറ്റം ഏകദിന ശിൽപ്പശാല കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു*

**മരിയ ജോയ്**

കരിക്കോട്ടക്കരി: കേരള മഹിളസമഖ്യ സൊസൈറ്റിയുടെയും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെയും നേതൃത്വത്തിൽ ആദിവാസി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിടുന്ന മുന്നേറ്റം പദ്ധതിയുടെ ഭാഗമായി ഏകദിന ശില്പശാല സെന്റ് തോമസ് പാരിഷ് ഹാളിൽ നടത്തി.

ഏകദിന ശിൽപ്പശാലയിൽ ആരോഗ്യം, പോഷഹാകാരം, ശുചിത്വം എന്നീ വിഷയങ്ങളിൽ ആറളം എഫ് എച്ച് സി നഴ്സിംഗ് ഓഫീസർ ആനിയമ്മ അബ്രഹാം ക്ലാസ് എടുത്തു. ഗാർഹിക പീഡനം, ശിശു അവകാശങ്ങൾ, പോക്സോ, ലിംഗനീതി എന്നിവയിൽ ലീഗൽ എമ്പവർമെന്റ് ട്രെയിനർ അഡ്വ. പ്രദീപ് കൈപ്പനാനിക്കലും ലഹരി രഹിത നിത്യഹരിത ജീവിതം എന്നിവയിൽ എക്സൈസ് ഓഫീസർ ജി.സന്ദീപും സൈബർ ലോകത്തെ ചതിക്കുഴികൾ എന്ന വിഷയത്തിൽ സുമേന്ദ്രൻ കണ്ണംവെള്ളിയും ക്ലാസ്സുകൾ നയിച്ചു.

തുടർന്ന് പരിപാടിയുടെ സമാപന സമ്മേളനം കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ, അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, സാക്ഷരത മിഷൻ ജില്ല കോഡിനേറ്റർ പി. പ്രശാന്ത് കുമാർ, മഹിളസമഖ്യ ജില്ലാ കോഡിനേറ്റർ എൻ. പി. അസീറ, സാക്ഷരത മിഷൻ മോണിറ്ററിങ് കോഡിനേറ്റർ സജി തോമസ്, ഇരിട്ടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എൽ. പി പ്രദീപ്, വാർഡ് മെമ്പർ സിബി വാഴക്കാല, മഹിളസമഖ്യ ജില്ല റിസോഴ്സ് പേഴ്സൺ എം. എൻ. ആതിര എന്നിവർ സംസാരിച്ചു.

'മഹിളസമഖ്യ മുന്നേറ്റം പദ്ധതിയിലൂടെ ആദിവാസി മേഖലയിലുള്ള സ്ത്രീകളുടെ ശാക്തീകരണത്തിനാണ് ഊന്നൽ നൽകുന്നത്'. മഹിളസമഖ്യ ജില്ല കോഡിനേറ്റർ എൻ പി അസീറ പറഞ്ഞു. മുന്നേറ്റം പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച മഹിളസമഖ്യ പ്രവർത്തകരെ സാക്ഷരത മിഷന്റെ നേതൃത്വത്തിൽ ആദരിച്ചു. തുടർന്ന് സജീവൻ കൂയിലൂരിന്റെ നേതൃത്വത്തിൽ നാടൻ പാട്ടരങ്ങ് സംഘടിപ്പിച്ചു.

## പുനർനിർമാണം പാതിവഴിയിൽ

**അപർണ രമേശ്**

അങ്ങാടിക്കടവ്: എടൂർ - പാലത്തിൻ കടവ് മലയോര ഹൈവേയുടെ നിർമാണത്തിന്റെ ഭാഗമായി പൊളിച്ച അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്കുള്ള റോഡ് പുനർനിർമിക്കാത്തത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

രണ്ടു വർഷം മുൻപ് മലയോര ഹൈവേയുടെ നിർമാണത്തിന്റെ ഭാഗമായി പൊളിച്ച വഴിയുടെ പുനർനിർമാണം ഭൂഗർ കേബിൾ വലിക്കുന്നതിനാലാണ് പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നാണ് ബന്ധപ്പെട്ടവരുടെ മറുപടി. ഏഴു മാസങ്ങൾക്കു മുമ്പ് വഴി നന്നാക്കുന്നതിനായി മിറ്റലുകൾ നിരത്തിയിരുന്നുവെങ്കിലും മഴക്കാലത്ത് അതെല്ലാം ഒലിച്ചുപോയിരുന്നു.

വഴി പുനർനിർമിക്കാത്തതിനാൽ കിടപ്പുരോഗികളേയും പ്രായമായവരെയും വാഹനങ്ങളിൽ ആശുപത്രിയിലേക്ക് എത്തിക്കുന്നതിനോ ആശുപത്രിയിലേക്ക് വരുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനോ സാധ്യമല്ലാത്തത് രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും പ്രയാസമേറ്റുന്നു.

'നിലവിൽ റോഡിലിറങ്ങി ആശുപത്രിയിലേക്ക് നടക്കേണ്ട അവസ്ഥയാണുള്ളത്. രോഗികൾക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന പൊളിച്ച വഴിയുടെ നിർമാണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ടവരോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രായോഗിക നടപടി ഉണ്ടായിട്ടില്ല'. ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് കുമാർ പറഞ്ഞു.




*അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു മുന്നിലെ പൊളിച്ചിട്ട വഴി*

## അങ്ങാടിപത്രം 4-ാം വർഷത്തിലേക്ക്...

നന്ദിയോടെ എഡിറ്റോറിയൽ ടീം.

# എഡിറ്റോറിയൽ

## ആകാശങ്ങൾക്ക് പരിധി നിർണയിക്കപ്പെടാതിരിക്കട്ടെ...

സ്ത്രീ ശാക്തീകരണത്തിൽ അന്താരാഷ്ട്ര വനിതാദിനത്തിന് വലിയ പ്രാധാന്യമുണ്ട്. 1908ൽ പതിനയ്യായിരത്തിലധികം വരുന്ന സ്ത്രീ തൊഴിലാളികൾ ന്യൂയോർക്ക് നഗരഹൃദയത്തിലൂടെ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. ജോലി സമയത്തിൽ കുറവ് വരുത്തുക, ശമ്പളത്തിൽ ന്യായമായ വർധന വരുത്തുക, വോട്ട് ചെയ്യാനുള്ള അവകാശം നല്കുക എന്നിവയായിരുന്നു സമരക്കാരുടെ ആവശ്യങ്ങൾ. ഈ സമരത്തിന്റെ വിജയമാണ് ലോക വനിതാദിനാചരണത്തിന് വിത്തുപാകിയത്. ആ ദിനമങ്ങനെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ വനിതകൾ നേടിയ വിജയത്തിന്റെ ഓർമ്മപ്പെടുത്തലായി. ഒപ്പം മുൻപോട്ട് കൂടുതൽ ഉയരങ്ങളിലേക്ക് എത്തിച്ചേരുവാനുള്ള പ്രേരകശക്തിയും.

സ്ത്രീശക്തി ഇന്നു കൈവരിക്കാത്ത നേട്ടങ്ങളോ എത്തിച്ചേരാത്ത ഉയരങ്ങളോ ഇല്ല. കേരളത്തിൽ തന്നെ 14 ജില്ലകളിലെ കലക്ടർമാരിൽ 10 പേരും വനിതകളാണ്. ജസ്റ്റിസ് അന്ന ചാണ്ടിയിലൂടെ ഇന്ത്യയിലെ ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജിയേയും ജസ്റ്റിസ് എം. ഫാത്തിമ ബീവിയിലൂടെ ആദ്യ വനിതാ സുപ്രീം കോടതി ജഡ്ജിയേയും സംഭാവന ചെയ്ത കേരള ഹൈക്കോടതിയിൽ ചരിത്രത്തിലാദ്യമായി ഇപ്പോൾ ആറു വനിതാ ജഡ്ജിമാരുണ്ടെന്നതു മറ്റൊരു വലിയ അഭിമാനം. നമ്മുടെ പരിസരങ്ങളിലെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പെൺകുട്ടികൾ പഠനത്തിലും അതിനപ്പുറം കലാകായിക മേഖലകളിലും കഴിവ് തെളിയിച്ച് നാടിന് അഭിമാനകരമാകുന്നത് എടുത്തു പറയേണ്ടുന്ന ഒന്നാണ്.

തങ്ങളിൽ ഉയരങ്ങളിലെത്താനുള്ള കഴിവുണ്ടെന്ന തിരിച്ചറിവുമുതൽ, അതിലെത്തിച്ചേരാനുള്ള കഠിന പരിശ്രമം, മറ്റുള്ളവരുടെ പിന്തുണ തുടങ്ങി സ്ത്രീകളുടെ ഓരോ മുന്നേറ്റത്തിനു പിന്നിലും അവരുടെ പ്രയത്നവും സമൂഹത്തിന്റെ കാതലായ ഇടപെടലുകളുണ്ട്. എന്നാൽ ഇതിൽ നിന്നു വിഭിന്നമായി സമൂഹത്തിന്റെ മുഖ്യധാരകളിൽ സ്ത്രീ പ്രാതിനിധ്യത്തെ അംഗീകരിക്കാത്തവരും നിരവധിയാണ്. ഇതിനു വ്യക്തമായ ഉദാഹരണമാണ് വരാനിരിക്കുന്ന ലോകസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ സ്ഥാനാർത്ഥികൾക്കിടയിലെ തുലോം തുച്ഛമായ സ്ത്രീ പ്രാതിനിധ്യം.

സംഘടിതമായ ഇത്തരം നീക്കങ്ങൾക്കുമാറ്റമുണ്ടാവുക തന്നെ വേണം. ഇല്ലെങ്കിൽ സർക്കാരിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി നടപ്പിലാക്കപ്പെടുന്നുണ്ടെങ്കിലും കാതലായ മാറ്റമുണ്ടാവുകയില്ല. സ്ത്രീകളുടെ അവകാശങ്ങൾക്ക്, അവരുടെ സ്വാതന്ത്രത്തിന്റെ ആകാശങ്ങൾക്കു പരിധിവയ്ക്കപ്പെടാതെ ഇരിക്കുമ്പോൾ മാത്രമേ ഇത്തരം ദിനങ്ങളിലൂടെ നൽകുന്ന സ്ത്രീ ശാക്തീകരണ ആശയങ്ങൾക്ക് പ്രാധാന്യമുണ്ടാവുകയുള്ളൂ.

- എഡിറ്റർ

# അങ്ങാടിയുടെ പെൺപുലികൾ

പ്രിൻസ് ജോസഫ്





അലീഷ കണ്ണംപള്ളിൽ

വേദി, ഇൻഡോ നേപ്പാൾ കരാട്ടെ ചാമ്പ്യൻഷിപ്പ്, പേര് അലീഷ, വീട് അങ്ങാടിക്കടവ്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വന്ന എതിരാളികളെ മലർത്തിയടിച്ച് ബ്ലാക്ക് ബെൽറ്റ് മുറുക്കികെട്ടുമ്പോൾ സ്ത്രീ അബലയെന്ന് പറയുന്നവർ പോലും കൈയ്യടിച്ചുപോകുന്നു ഈ പത്താം ക്ലാസുകാരിയുടെ നിശ്ചയദാർഢ്യത്തിനു മുൻപിൽ.

രണ്ടാം ക്ലാസ്സിൽ തുടങ്ങിയ കരാട്ടെ പരിശീലനം ജോബിൻ ജോസഫ് നെടുമങ്ങാടിന്റെ ശിക്ഷണത്തിൽ ഇപ്പോഴും തുടരുന്നു. എതിർപ്പുകൾ പലഭാഗത്തുനിന്ന് വന്നപ്പോഴും താങ്ങായിനിന്നത് കബഡി ചാമ്പ്യനായ പിതാവ് കണ്ണംപള്ളിൽ സുരേന്ദ്രനും അമ്മ സരിതയുമാണ്. മറുപടി പറഞ്ഞതാകട്ടെ അലീഷയുടെ നേട്ടങ്ങളും.

കേരള സംസ്ഥാന കരാട്ടെ ഡു ചാമ്പ്യൻഷിപ്പിൽ-2018 കുമിതെ രണ്ടാം സ്ഥാനം, ഒന്നാമത് ഇൻഡോ നേപ്പാൾ കരാട്ടെ ഓപ്പൺ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം; നേട്ടങ്ങളുടെ നിരനീളുമ്പോൾ അലീഷ പറയുന്നു, 'ആഗ്രഹങ്ങൾ മനസ്സിൽ കൊണ്ടുനടക്കേണ്ടതല്ല നേടിയെടുക്കേണ്ടതാണ്, പുറത്തേക്കു വരുക, പേടിച്ച് അകത്തളങ്ങളിൽ ഒളിച്ചിരിക്കേണ്ടവരല്ല സ്ത്രീകൾ'.

സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക, സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് പള്ളി ഹാളിൽ ഒഴിവുസമയങ്ങളിൽ കുട്ടികൾക്ക് കരാട്ടെ പരിശീലനം കൊടുക്കുന്നുണ്ട് ഈ മിടുക്കി. ഇപ്പോൾ ഗുജറാത്തിൽ വച്ചുനടക്കുന്ന ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ തയ്യാറെടുക്കുന്നു. കൊല്ലത്ത് നടന്ന സ്റ്റേറ്റ് റെന്റ് ബോൾ ചാമ്പ്യൻഷിപ്പിൽ കണ്ണൂരിനെ പ്രതിനിധീകരിച്ച മത്സരാർത്ഥി കൂടിയാണ് അലീഷ.

ആൻ ട്രീസ പുനവേലിൽ



'ഡോക്ടർ എനിക്ക് പോകണം, നാളെയാണ് ആ ദിവസം. ഞാൻ സ്വപ്നം കണ്ട ദിവസം'. ആ പെൺകുട്ടിയുടെ നിശ്ചയദാർഢ്യത്തിനുമുൻപിൽ, ചികിത്സ മത്സരശേഷം തുടരാം എന്ന ഉറപ്പോടെ ഡോക്ടർ ഡിസ്ചാർജ് എഴുതി. മൂന്നു വർഷമായി തുടരുന്ന ആം സ്ട്രിംഗ് വേദനയെ പിന്നിലാക്കി നിരയായി വച്ചിരിക്കുന്ന സ്പ്രിന്റ് ഹർഡിൽസിനുമുകളിലൂടെ കുതിച്ചുപാഞ്ഞ് സ്വർണ്ണത്തിൽ മുത്തമിട്ടു ആൻ ട്രീസ.

കോയമ്പത്തൂരിൽ നടന്ന മുപ്പത്തിയെട്ടാമത് ദേശീയ ജൂനിയർ അത്ലറ്റ് മീറ്റിൽ കേരളത്തിനുവേണ്ടി ഏക സ്വർണ്ണമെഡൽ കരസ്ഥമാക്കിയ ജേതാവാണ് ആൻ ട്രീസ.

പത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ആൻ ട്രീസയുടെ ലക്ഷ്യം സ്പോർട്സ് തന്നെയാണ്. 'സ്പോർട്സ് മേഖലയിൽ പെൺകുട്ടികൾ കുറവാണ് അതിനു പ്രധാന കാരണം ശാരീരിക പരിക്കുകൾ ആണ്. പരിക്കുകളെ പരിഹരിച്ച് മുൻപോട്ടുപോകാനുള്ള മനക്കരുത്ത് പെൺകുട്ടികൾ സ്വന്തമാക്കണം.' ആൻ ട്രീസ പറഞ്ഞു. കേരളത്തെ പ്രതിനിധീകരിച്ച് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ പങ്കെടുക്കുകയും രണ്ടാംസ്ഥാനം നേടുകയും ചെയ്ത ആൻ ട്രീസ പുനവേലിൽ ബിജുവിന്റെയും ജോസിയുടെയും മകളാണ്.

## കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ പഠനോത്സവം

ജോമോൾ ജോർജ്ജ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തുന്ന പഠനോത്സവം അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് യു പി സ്കൂളിൽ മാർച്ച് 12-ന് നടത്തപ്പെടുന്നു. കുട്ടികളുടെ ആർജ്ജിച്ചെടുത്ത അറിവുകളെക്കുറിച്ചും വൈവിധ്യമാർന്ന കഴിവുകളെക്കുറിച്ചും മനസ്സിലാക്കി നാളിതുവരെ നേടിയ കഴിവുകൾ പങ്കിടുവാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഭാഷാ, ശാസ്ത്രം, ഗണിതം, സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളാണ് ഈ വർഷം പ്രധാനമായും പരിഗണിക്കുന്നത്. ഇതിനായി കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് നാളിതുവരെ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ നേടിയെടുത്ത വിദ്യാഭ്യാസപരവും കലാപരവുമായ കഴിവുകൾ കഥകൾ, കവിതകൾ, സ്കിറ്റ് തുടങ്ങിയ രീതികളിൽ സ്വന്തമായി കുട്ടികൾ അവതരിപ്പിക്കുന്നു.

ആത്മ വിശ്വാസത്തോടെ പ്രായത്തിനനുയോജ്യമായി പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും ഭാഷാപരമായ കഴിവുകളേയും മറ്റ് വിഷയങ്ങളിലുള്ള ധാരണകളേയും ആവിഷ്കരിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകാനും പഠനോത്സവത്തിലൂടെ ശ്രമിക്കുന്നു.

## ഗണിതം ആനന്ദകരമാക്കി ഗണിത അസംബ്ലി

ജോമോൾ ജോർജ്ജ്

ഗണിത പഠനം കുട്ടികളിൽ ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് യു പി സ്കൂളിൽ ഗണിത അസംബ്ലി സംഘടിപ്പിച്ചു. ഗണിതത്തിലുള്ള താൽപര്യം വർധിപ്പിക്കുക, ഗണിത ചിന്ത വളർത്തുക, ദൈനംദിന ജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുക തുടങ്ങിയവയാണ് ഗണിത അസംബ്ലിയുടെ ലക്ഷ്യം.

ഗണിത പ്രാർത്ഥനയോടും ഗണിത പ്രതിജ്ഞയോടും കൂടി ആരംഭിച്ച അസംബ്ലിയിൽ ഗണിതം ആനന്ദകരവും കൗതുകരവുമാക്കുന്ന വിധത്തിലുള്ള കുട്ടികളുടെ അറിവുകൾ ഉൾപ്പെടുത്തിയ ഗണിത മാഗസിൻ 'മാത്സ് പ്ലസ്' സ്കൂൾ ഹെഡ്മിസ്ട്രസ് ഷൈനി മാത്യു പ്രകാശനം ചെയ്തു.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച കണക്ക് അറിവ് എന്ന ഗണിത പുസ്തകം ഏഴാം ക്ലാസ് വിദ്യാർത്ഥിനി ഫിയോണ തെരേസ പരിചയപ്പെടുത്തി. ഗണിതത്തിലെ വ്യത്യസ്ഥ തരം കോണുകളുടെയും ഗ്രാഫുകളുടെയും നിശ്ചല ദൃശ്യം, ക്ലാസിക്കൽ ഡാൻസായി ഏഴാം ക്ലാസ് വിദ്യാർത്ഥിനി ആൻസ് മരിയ ദേവസ്യ, ആറാം ക്ലാസ് വിദ്യാർത്ഥിനി റേച്ചൽ മരിയ എന്നിവർ അവതരിപ്പിച്ചു.

ഏഴാം ക്ലാസ്സ് പാഠപുസ്തകത്തിലെ പൈതഗോറസ് ആശയത്തെക്കുറിച്ച് നടത്തിയ കണ്ടെത്തലുകളുടെ വിവരശേഖരണ പുസ്തകം 'ഗണിത പുസ്തകം' പ്രകാശനം ചെയ്യുന്നതിനായി ഹെഡ്മിസ്ട്രസിന് കൈമാറി.



## അറിയിപ്പ്

### ആധാർ മസ്റ്ററിങ്ങ്

കേന്ദ്ര ഗവൺമെന്റിന്റെ നിർദേശപ്രകാരം മഞ്ഞ, പിങ്ക് റേഷൻ കാർഡുകളിലെ മുഴുവൻ അംഗങ്ങളും 2024 മാർച്ച് 31 ന് മുമ്പായി റേഷൻകട മുഖേന ആധാർ മസ്റ്ററിങ്ങ് നടത്തണം. 2,4 തീയ്യതികളിൽ മസ്റ്ററിങ്ങ് നടത്താൻ സാധിക്കാത്തവർ 15, 16 എന്നീ ദിവസങ്ങളിലായി മസ്റ്ററിങ്ങ് പൂർത്തീകരിക്കേണ്ടതാണ്.

### വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം

2006 ജനുവരി ഒന്നിനോ അതിന് മുമ്പോ ജനിച്ചവർക്ക് പേര് ചേർക്കാൻ അപേക്ഷിക്കാം. പട്ടികയിൽ തെറ്റുകളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിലും താമസസ്ഥലം, ഫോട്ടോ എന്നിവ മാറ്റുന്നത് സംബന്ധിച്ചും അപേക്ഷ നൽകാം.

### ആവശ്യമായ രേഖകൾ

1.ഫോട്ടോ
2.ഫോൺ നമ്പർ
3.വയസ്സ് തെളിയിക്കാനുള്ള രേഖ (ആധാർ കാർഡ്/ പാൻ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/ എസ് എസ് എൽ സി സർട്ടിഫിക്കറ്റ്/ ബർത്ത് സർട്ടിഫിക്കറ്റ്)
4.മേൽവിലാസം തെളിയിക്കാനുള്ള രേഖ (ആധാർ കാർഡ്/ പാസ്പോർട്ട്/ ബാങ്ക് പാസ്സ് ബുക്ക്/വാടകകരാർ)
5.വീട്ടിലേയോ അയൽവാസിയുടേയോ വോട്ടർഐഡിയുടെ പകർപ്പ്

ആധാർ കാർഡിൽ ജനന തീയതി ഉണ്ടെങ്കിൽ മേൽവിലാസം, ജനന തീയതി എന്നിവ തെളിയിക്കാൻ ആധാർ കാർഡ് മാത്രം മതിയാകും.

## പൾസ് പോളിയോ ദിനം ആചരിച്ചു



പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പോളിയോ തുള്ളിമരുന്ന് നൽകി ഉദ്ഘാടനം ചെയ്യുന്നു.

അപർണ രമേശ്

അങ്ങാടിക്കടവ്: ദേശീയ പൾസ് പോളിയോ ദിനാചരണത്തിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നടന്നു. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പോളിയോ തുള്ളി മരുന്നു നൽകി പരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ നിർവ്വഹിച്ചു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ അംഗനവാടികൾ, സാംസ്കാരിക നിലയങ്ങൾ എന്നിവയെ ബൂത്തുകളായി തിരിച്ച് ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ മൂന്ന് ഘട്ടങ്ങളിലായി നടത്തിയ മരുന്നു വിതരണത്തിൽ അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കീഴിലെ അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾ തുള്ളി മരുന്നു സ്വീകരിച്ചു. ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് കുമാർ, പബ്ലിക് ഹെൽത്ത് നഴ്സ് കെ. എസ്. ഗിരിജ, ആശാപ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## ആനപ്പന്തിയിൽ വീടിനു തീപിടിച്ചു

ജോമോൾ ജോർജ്ജ്

അങ്ങാടിക്കടവ്: ആനപ്പന്തി സ്വദേശി വള്ളിക്കാവുങ്കൽ സണ്ണിയുടെ പഴയ പുരയിടത്തിൽ തീപിടിച്ചു. വീടിന്റെ അടുക്കള ചിമ്മിനിയിൽ റബ്ബർ ഷീറ്റുകൾ ഉണക്കാനായി ഇട്ടതിൽ തീപടർന്നു തീപിടുത്തമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം. തീയാളിയപ്പോൾതന്നെ അപകടം ശ്രദ്ധയിൽപ്പെട്ടതിനാൽ വലിയ ദുരന്തമൊഴിവാക്കാനായി. തീപിടുത്തത്തിൽ ചിമ്മിനിയുടെ ഭാഗവും നൂറോളം റബ്ബർ ഷീറ്റുകളും പൂർണമായും കത്തി നശിച്ചു.

വാർത്തകൾക്കും പരസ്യങ്ങൾക്കും
വിളിക്കൂ; 9496698531

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: മരിയ ജോയ് | സബ് എഡിറ്റേഴ്സ്: പ്രിൻസ് ജോസഫ്, ജോമോൾ ജോർജ്ജ്, അപർണ രമേശ് |ഫോട്ടോഗ്രാഫേഴ്സ്: പ്രിൻസ് ജോസഫ്, ജോമോൾ ജോർജ്ജ്, അപർണ രമേശ് | ഡിസൈൻ: മരിയ ജോയ് |